# Sacred Heart Religious Education School

## Presents, “Faith Year Religious Expedition”

YEAR OF FAITH 2012 2013

### New School Year 2013-2014 Religious Excursion to

## Shrine of Our Lady of Good Help, Champion, Wisconsin

### On Saturday, August 31st 2013, 8:00 AM to 7:00 PM



**The Shrine of Our Lady of Good Help is the first and only Marian apparition approved by the Catholic Church in the United States. Located within the Roman Catholic Diocese of Green Bay, it stands on the site of the reported Marian apparition to a Belgian-born woman, Adele Brise, in the year 1859. The apparition was formally approved on December 8, 2010, by Bishop David Ricken.** (More Info: http://www.shrineofourladyofgoodhelp.com)

Reserve your seats by July 15th, 2013. Seats are limited and will be assigned on a first come first serve basis. Total trip cost: $40 per person. Bagged lunch will be provided. All are welcome.

For reservation, contact **Manju Chakariyamthadathil**, **Ancy Chelackal or Jenimol Ottathycal.**

For Trip details, contact **Sabu Mutholam or Jojo Permanathettu**

## കൈത്താക്കാലം

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹൻമാരെ അനുസ്മരിച്ചുകൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. സാധാരണമായി ഏഴ് ആഴ്ചകൾ നീണ്ടുനില്ക്കുന്ന ഈ കാലത്തെ “കൈത്താക്കാലം” എന്നു വിളിക്കുന്നു. “കൈത്ത” എന്ന പദത്തിന്റെ അർത്ഥം “വേനൽ” എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹാക്കാലത്തെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതിനെയാണ് ഈ കാലം നമ്മെ ഓർപ്പിക്കുക. അതുകൊണ്ട് “സഭയുടെ വളർച്ചയുടെ കാലമായി ” ഈ കാലം പരിഗണിക്കപ്പെടുന്നു.

സഭയുടെ വളർച്ചയെ നിയന്ത്രിക്കുന്ന മാനദണ്ഡം ഈ ലോകത്തിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതമാണ്. അതുകൊണ്ട് സഭയുടെ വിശ്വസ്ത സന്താനങ്ങളായ ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മ ഈ കാലത്തിന്റെ പ്രത്യേകതയാണ്. അവരുടെ ജീവിതചര്യ അനുകരിക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ടെന്ന വസ്തുതയും ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു. യഥാർത്ഥവളർച്ച ആന്തരികനവീകരണത്തിൽ അടങ്ങിയിരിക്കുന്നു. നിയമാനുഷ്ഠാനത്തിലൂടെ മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണം വഴി ഒരു സമൂലപരിവർത്തനം അനിവാര്യമായിരിക്കുന്നു എന്ന് ഈ കാലം ഓർമ്മിപ്പിക്കുന്നു.

കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്ന ഏലിയാ–സ്ലീവാ–മൂശക്കാലത്തിന്റെ മുന്നോടിയായിട്ടും ഇതിനെ കാണാവുന്നതാണ്. അതുകൊണ്ട് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആവശ്യകതയിലേക്കും ഈ കാലം വിരൽ ചൂണ്ടുന്നു. കർത്താവിന്റെ വരവിനുവേണ്ടി നാം ഒരുങ്ങിയിരിക്കണം. പാപത്തോടു വിടപറഞ്ഞ്, ജീവിതവിശുദ്ധീകരണത്തിലൂടെ നമുക്കു വ്യാപരിക്കാം.